**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** | **18-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള പഠന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദേശപഠന സഹായം എത്ര കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇവർക്ക് എത്ര തുകയാണ് സ്കോളർഷിപ്പായി നൽകി വരുന്നതെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദേശ പഠന സഹായം 55 കുട്ടികൾക്ക് നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ ഹാജരാക്കുന്ന പഠനച്ചെലവുകളുടെ അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപ ഓരോ വിദ്യാർത്ഥിക്കും അനുവദിച്ച് നൽകിവരുന്നു. |
| (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ 2024-25 വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടുണ്ടോയെന്നും എത്ര തുകയാണ് സ്കോളർഷിപ്പായി ഇവർക്ക് നൽകി വരുന്നതെന്നും വിശദമാക്കാമോ; | (ബി) | പട്ടികജാതി വിദ്യാർത്ഥികളുടെ 2024-25 വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പുവർഷത്തെ ഫണ്ടിൽ നിന്നും 30.08.2025 വരെ 2024-25 അധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 224.42 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പട്ടികജാതി- പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യത്തിനായി വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്, ഹ്യൂഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയിൽ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 സെപ്റ്റംബർ 8 -ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ